## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5718 | 28-03-2018 -ൽ മറുപടിക്ക്

### പ്രകൃതി ദുരന്തത്തിൽപ്പെടുന്നവർക്കുള്ള നഷ്ടപരിഹാര തുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>ശ്രീ. അബ്ദുൽ ഹമീദ് പി.<br>ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | പ്രകൃതി ദുരന്തത്തിൽപ്പെടുന്നവർക്ക് നൽകുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നോ; | എ) | ആവശ്യപ്പെട്ടിരുന്നു. |
| ബി) | ഓഖി ചുഴലിക്കാറ്റിൽ വിവിധ നാശനഷ്ടങ്ങൾ സംഭവിച്ചവർക്കായി എന്ത് തുക ധനസഹായമായി ലഭിക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്; | ബി) | ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നും 431 കോടി രൂപയുടെ അധിക സഹായവും, ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ പ്രകൃതിക്ഷോഭങ്ങളിൽ നിന്ന് തീരദേശ വാസികൾക്ക് സംരക്ഷണം നൽകുന്നതിനായി 7340.45 കോടി രൂപയുടെ പുനരധിവാസ പാക്കേജും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) | ഇക്കാര്യത്തിൽ കേന്ദ്രനിലപാട് എന്തായിരുന്നുവെന്ന് അറിയിക്കുമോ; | സി) | 169.63 കോടിയുടെ നാശനഷ്ടം അംഗീകരിച്ച കേന്ദ്ര സർക്കാർ, നിയമപരമായ എല്ലാ കിഴിക്കലുകൾക്കും ശേഷം 111.70 കോടി രൂപ അനുവദനീയമാണെന്ന് അറിയിച്ചു ഓഖി ദുരന്തത്തെ തുടർന്ന് അടിയന്തര സഹായമായി 133 കോടി രൂപ അനുവദിച്ചിരുന്നു. ഇതിൽ അധികമായി അനുവദിച്ച 21.3 കോടി രൂപ ഭാവിയിൽ കുറവ് ചെയ്യും എന്നും അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | സംസ്ഥാനത്തിന്റെ ആവശ്യം നേടിയെടുക്കുന്നതിന് എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | ഡി) | കേരളത്തിന്റെ റസിഡന്റ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സംഘം, ദുരന്തം വിലയിരുത്തുന്നതിനായി സംസ്ഥാനം സന്ദർശിച്ച കേന്ദ്ര സംഘത്തെ നയിച്ച അഡീഷണൽ സെക്രട്ടറിയുമായി നേരിട്ട് ചർച്ച നടത്തി. പുനരധിവാസ പാക്കേജിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച ശിപാർശ സംബന്ധിച്ച് ചർച്ചയ്ക്കും ആവശ്യമായ നടപടികൾക്കുമായി ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഏഴംഗ സമിതിയെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ